"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി. ഷൈബി ജോർജ്ജ്, ശ്രീ. ഉണ്ണി. കെ, ശ്രീ. ടി.വി അശോക് കുമാർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

G.O.(Rt)No.1685/2019/LSGD തീയതി,തിരുവനന്തപുരം, 05/08/2019

പരാമർശം:- 1 സ.ഉ(പി)നം.536/2012(116)/ധന തീയതി 29.09.2012

2 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.06.2019, 04.07.2019 എന്നീ തീയതികളിലെ ഇ1/9325/2012/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി. ഷൈബി ജോർജ്ജ്, ശ്രീ. ഉണ്ണി. കെ, ശ്രീ. ടി.വി അശോക് കുമാർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ യഥാക്രമം 13.01.2013, 10.12.2013, 03.08.2014 എന്നീ തീയതികൾ പ്രാബല്യത്തിൽ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13.01.1998 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഷൈബി ജോർജ്ജ് 12.01.2013- ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൾക്ക് എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാൾക്ക് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

10.12.1998 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. ഉണ്ണി. കെ 09.12.2013-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാനും രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

03.08.1999 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. ടി.വി അശോക് കുമാർ 02.08.2014-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന്

എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാനും രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി. ഷൈബി ജോർജ്ജ്, ശ്രീ. ഉണ്ണി. കെ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം യഥാക്രമം 13.01.2013, 10.12.2013 എന്നീ തീയതി പ്രാബല്യത്തിൽ 36140-49740 രൂപ ശമ്പള സ്കെയിലിൽ കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ. ടി.വി അശോക് കുമാറിന് 03.08.2014 തീയതി പ്രാബല്യത്തിൽ 68700-110400 രൂപ ശമ്പള സ്കെയിലിൽ കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ചും ഉത്തരവാകുന്നു. എക്സി.എഞ്ചിനീയറായി പ്രൊമോഷൻ ലഭിച്ചതിനെത്തുടർന്നുള്ള പ്രസ്തുത മൂന്ന് ഉദ്യോഗസ്ഥരുടെയും ശമ്പളം കെ. എസ്. ആർ ഭാഗം I ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

1 ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് *(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ